കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ: B2/132/2025-SEC തീയതി: 16-12-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

1. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, മലപ്പുറം
2. വരണാധികാരി, ബി.107 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (സൗത്ത് ഡിവിഷൻ), നിലമ്പൂർ
3. വരണാധികാരി, ജി.23 ചോക്കാട് ഗ്രാമപഞ്ചായത്ത്,
അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി., നിലമ്പൂർ

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തിരഞ്ഞെടുപ്പ് - ഭരണസമിതിയുടെ 5 വർഷ കാലാവധി 2025 ഡിസംബർ 20-ന് പൂർത്തിയാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അധ്യക്ഷൻ, ഉപാധ്യക്ഷൻമാരെ തിരഞ്ഞെടുക്കുന്നത്– സംബന്ധിച്ച്.

സൂചന:- 1. കമ്മീഷന്റെ 15.12.2025-ലെ ബി2/132/2025-സം.തി.ക നമ്പർ സർക്കുലർ.
2.കമ്മീഷന്റെ 15.12.2025-ലെ ബി2/132/2025-സം.തി.ക-(1) നമ്പർ സർക്കുലർ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഡിസംബർ 9,11 തീയതികളിൽ നടത്തുകയും വോട്ടെണ്ണൽ നടത്തി ഫലം ഡിസംബർ 13 ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. **ഭരണസമിതിയുടെ 5 വർഷ കാലാവധി 2025 ഡിസംബർ 20-ന് പൂർത്തിയാകാത്ത മലപ്പുറം ജില്ലയിലെ ബി.107 വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2025 ഡിസംബർ 22 നും, ജി.23 ചോക്കാട് ഗ്രാമപഞ്ചായത്തിലെ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2025 ഡിസംബർ 26 നും നടത്തുന്നതിന്** സൂചന (1) ലെ സർക്കുലർ പ്രകാരം കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, **വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്, ചോക്കാട് ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് 2025 ഡിസംബർ 31 (ബുധൻ) രാവിലെ 10.30-നും, വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് അന്നേദിവസം ഉച്ചയ്ക്ക് ശേഷം 2.30-നും** നടത്തുന്നതിന് നിർദ്ദേശം നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാരുടെയും ഉപാധ്യക്ഷൻമാരുടെയും സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ മാർഗനിർദ്ദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാകണം പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 16-12-2025 12:43:45

PRAKASH.B.S

SECRETARY

പകർപ്പ്:

1. സെക്രട്ടറി, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്
2. സെക്രട്ടറി, ചോക്കാട് ഗ്രാമപഞ്ചായത്ത്
3. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
4. നോഡൽ ഓഫീസർ, മലപ്പുറം
5. കമ്മീഷണറുടെ പി.എസ്.
6. പി.ആർ.ഒ, സം.തി.ക.

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,

ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )

e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in